(സി) നിക്ഷേപകന്റെ താൽപര്യം സംരക്ഷിക്കുക എന്നതാണ് സ്കീമിന്റെ ലക്ഷ്യം. ലിക്വിഡേഷൻ ഉൾപ്പെടെ ഏത് തരത്തിലുള്ള കാരണത്താലും നിക്ഷേപകന് നിക്ഷേപ തുക ലഭിക്കാതെ വന്നാൽ സഹകരണ സംഘം പ്രീമിയം അടച്ചിട്ടുണ്ടെങ്കിൽ നിക്ഷേപകന് നിക്ഷേപ ഗ്യാരന്റി സ്കീം പ്രകാരം പരിരക്ഷ ലഭിക്കും. ഏതെങ്കിലും കാരണത്താൽ സഹകരണ സംഘത്തിൽ നിന്നും നിക്ഷേപകന് നിക്ഷേപ തുക തിരികെ നൽകാൻ കഴിഞ്ഞില്ലെങ്കിൽ ഒന്നര ലക്ഷം രൂപ വരെയുള്ള നിക്ഷേപ തുക നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡ് നിക്ഷേപകന് നൽകുന്നതാണ്. ഇപ്രകാരമുള്ള ഗ്യാരന്റി ലഭിക്കുന്നതിനായി നിക്ഷേപകൻ പ്രത്യേക വിഹിതങ്ങൾ ഒന്നും തന്നെ അടയ്ക്കേണ്ടതില്ല.

(ഡി) പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ/സർവ്വീസ് സഹകരണ സംഘങ്ങൾ, എംപ്ലോയീസ് സഹകരണ സംഘങ്ങൾ, അർബൻ സഹകരണ സംഘങ്ങൾ, നിക്ഷേപം സ്വീകരിക്കുന്നതും രജിസ്ട്രാരുടെ ഭരണ നിയന്ത്രണത്തിൽ വരുന്നതുമായ സഹകരണ സംഘങ്ങൾ എന്നിവയിലെ നിക്ഷേപങ്ങൾക്കാണ് നിക്ഷേപ സുരക്ഷാ പദ്ധതി ബാധകമായിട്ടുള്ളത്.

**ഗവൺമെന്റ് പ്ലീഡർമാരുടെ നിയമനം**

22(*202) <u>ശ്രീ. ആർ. രാജേഷ്</u> :

<u>ശ്രീ. എ. കെ. ബാലൻ</u> :

<u>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ</u> :

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഗവൺമെന്റ് പ്ലീഡർമാരെ നിയമിക്കുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഗവൺമെന്റ് പ്ലീഡർമാരുടെ എണ്ണം കൂടുതലാണെന്നും ഇവരുടെ പ്രകടനം വിലയിരുത്തണമെന്നുമുള്ള ഹൈക്കോടതി നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇക്കാര്യത്തിൽ അഡ്വക്കേറ്റ് ജനറലിന്റെ അഭിപ്രായം അറിയിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ;

(ഡി) ഈ സർക്കാരിന്റെ കാലത്ത് കേസുകളിൽ സർക്കാർ താല്പര്യത്തിനു വിരുദ്ധമായ സമീപനം ഗവൺമെന്റ് പ്ലീഡർമാർ സ്വീകരിക്കുന്ന സ്ഥിതിയുണ്ടായിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി(ശ്രീ. കെ. എം. മാണി) :

(എ) സർക്കാർ അഭിഭാഷകരുടെ നിയമനം 1978-ലെ കേരള ഗവൺമെന്റ് ലാ ആഫീസേഴ്സ് (നിയമനവും സേവന വ്യവസ്ഥകളും) കേസ് നടത്തിപ്പും ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള മാനദണ്ഡങ്ങൾക്കനുസരിച്ചാണ്. ഹൈക്കോടതിയിൽ, പ്രസ്തുത ചട്ടത്തിലെ 5-ാം ചട്ടപ്രകാരം സീനിയർ ഗവൺമെന്റ് പ്ലീഡറായി നിയമിക്കപ്പെടുന്നതിന് കുറഞ്ഞത് അഭിഭാഷകനായി ഹൈക്കോടതിയിൽ 10 വർഷത്തെ പ്രാക്ടീസും ഗവൺമെന്റ് പ്ലീഡറായി നിയമിക്കപ്പെടുന്നതിന് അഭിഭാഷകനായി ഹൈക്കോടതിയിൽ 7 വർഷത്തെ പ്രാക്ടീസും ആവശ്യമാണ്. സുപ്രീം കോടതിയിൽ സ്റ്റാൻഡിംഗ് കൗൺസലായി നിയമിക്കപ്പെടുന്നത് 1978-ലെ കേരള ഗവൺമെന്റ് ലാ ആഫീസേഴ്സ് (നിയമനവും സേവന വ്യവസ്ഥകളും) കേസ് നടത്തിപ്പും ചട്ടങ്ങളിലെ 13-ാം ചട്ടപ്രകാരമാണ്. സുപ്രീം കോടതിയിൽ സ്റ്റാൻഡിംഗ് കൗൺസലായി നിയമിക്കപ്പെടുന്നതിന് സുപ്രീം കോടതിയിലെ അഡ്വക്കേറ്റ്-ഓൺ-റെക്കോർഡ് ആയി കുറഞ്ഞത് 3 വർഷത്തെ പ്രാക്ടീസ് ഉണ്ടായിരിക്കേണ്ടതാണ്. യോഗ്യത, പരിചയം, സത്യസന്ധത, യശ്ശസ്, സ്വഭാവം, പൂർവ്വ ചരിത്രം എന്നിവ സംബന്ധിച്ച് അഡ്വക്കേറ്റ് ജനറലിന്റെ അഭിപ്രായത്തിൽ നിയമിക്കപ്പെടാൻ യോഗ്യരായവരെ ഉൾപ്പെടുത്തിയ ഒരു പാനൽ അഡ്വക്കേറ്റ് ജനറൽ അയച്ചുതരികയും ആയതിൽ നിന്ന് മന്ത്രിസഭ ആവശ്യമായ അഭിഭാഷകരെ നിയമിക്കുകയുമാണ് ചെയ്യുന്നത്. ജില്ലാ കോടതിയിലും, സബ് കോടതിയിലും മറ്റും സർക്കാർ അഭിഭാഷകരായി നിയമിക്കുന്നത് പ്രസ്തുത ചട്ടത്തിലെ 8-ാം ചട്ടപ്രകാരമാണ്. പ്രസ്തുത ചട്ടത്തിലെ വ്യവസ്ഥകൾക്കനുസരിച്ച് ജില്ലാ കളക്ടർ ജില്ലാ ജഡ്ജിയുമായി കൺസൾട്ട് ചെയ്ത് തയ്യാറാക്കി നൽകുന്ന പാനലിൽ നിന്നാണ് ജില്ലാ കോടതിയിലും, സബ്കോടതിയിലും സർക്കാർ അഭിഭാഷകരെ നിയമിക്കുന്നത്. പ്രസ്തുത ചട്ടത്തിലെ 11 എ ചട്ടം പ്രകാരമാണ് മോട്ടോർ ആക്സിഡന്റ്സ് ക്ലെയിംസ് ട്രൈബ്യൂണലിലെ സർക്കാർ അഭിഭാഷകരെ നിയമിക്കുന്നത്. ജില്ലാ കളക്ടർ പ്രസ്തുത ട്രൈബ്യൂണലിലെ പ്രീസൈഡിംഗ് ആഫീസറുമായി കൺസൾട്ട് ചെയ്ത് തയ്യാറാക്കി നൽകുന്ന പാനലിൽ നിന്നുമാണ് സർക്കാർ അഭിഭാഷകരെ നിയമിക്കുന്നത്. പ്രസ്തുത ചട്ടത്തിലെ 10-ാം ചട്ടപ്രകാരമാണ് മുൻസിഫ് കോടതി സെന്ററുകളിലെ സർക്കാർ അഭിഭാഷകരെ നിയമിക്കുന്നത്. ജില്ലാ കളക്ടർ പ്രീസൈഡിംഗ് ആഫീസറോടോ, കോടതിയോടോ കൺസൾട്ട് ചെയ്ത് തയ്യാറാക്കി നൽകുന്ന പാനലിൽ നിന്നാണ് മുൻസിഫ് കോടതി സെന്ററുകളിലെ സർക്കാർ അഭിഭാഷകരെ നിയമിക്കുന്നത്.

(ബി) ഉണ്ട്.

(സി) ഇതുസംബന്ധിച്ച് അഡ്വക്കേറ്റ് ജനറലിനോട് ഹൈക്കോടതിയിലെ സർക്കാർ അഭിഭാഷകരുടെ കാര്യക്ഷമത, പ്രവർത്തനം എന്നിവ സംബന്ധിച്ച് ഒരു റിപ്പോർട്ട് നൽകുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ആയതിനുള്ള മറുപടി ലഭിച്ചിട്ടില്ല.

(ഡി) കേസുകൾ കൈകാര്യം ചെയ്യുന്ന വിഷയത്തിൽ ഗവൺമെന്റ് പ്ലീഡർമാരുടെ ഭാഗത്തുനിന്നും അത്തരം സമീപനം ഉണ്ടായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly